"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - തെന്മല ഫോറസ്റ്റ് ഡിവിഷനിൽ ആര്യങ്കാവ് റെയിഞ്ചിൽ ബിനാമി വാച്ചർമാരുടെ പേരിലും വർക്കുകൾ ടെണ്ടർ എടുത്തയാളിന്റെ പേരിലും ദിവസ വേതനം എഴുതി നൽകിയത് - വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.247/2024/F&WLD തീയതി,തിരുവനന്തപുരം, 31-05-2024

---

പരാമർശം:- 1. 02.09.2021-ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)-ന്റെ KFDHQ/7358/2019-VIG/VE2 നമ്പർ കത്ത്.

2. 09.03.2023-ലെ സ.ഉ.(സാധാ.) നം.101/2023/വനം നമ്പർ സർക്കാർ ഉത്തരവ്

3. 08.06.2023, 17.06.2023 തീയതികളിലെ FWLD-A2/05/2023-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും, കാരണം കാണിക്കൽ നോട്ടീസും .

4. 31.03.2023-ലെ സ.ഉ.(സാധാ) 150/2023/വനം നമ്പർ സർക്കാർ ഉത്തരവ്

5. 24.04.2024-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFDHQ/4602/2021-Admin-B2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തെന്മല ഫോറസ്റ്റ് ഡിവിഷനിൽ ആര്യങ്കാവ് റെയിഞ്ചിൽ ബിനാമി വാച്ചർമാരുടെ പേരിലും വർക്കുകൾ ടെണ്ടർ എടുത്തയാളിന്റെ പേരിലും ശമ്പളം എഴുതി നൽകുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന അന്വേഷണം നടത്തി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് താഴെ പറയുന്ന 20 വനം വകുപ്പ് ഉദ്യോഗസ്ഥർ ഉത്തരവാദികളാണെന്നു കണ്ടെത്തുകയുണ്ടായി.

1. ശ്രീ.ജിയാസ് ജമാലുദ്ദീൻ ലബ്ബ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
2. ശ്രീ.അബ്ജു.കെ.അരുൺ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

3. ശ്രീ.എസ്.വി.അഭിലാഷ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
4. ശ്രീ. ബി.വിനോദ്കമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
5. ശ്രീ.എ.ജിൽസൺ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
6. ശ്രീ.എം.കെ.പ്രസാദ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
7. ശ്രീ.എം.ലാല്യ ജാൻ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
8. ശ്രീ.എസ്.ആർ.റോബർട്ട്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
9. ശ്രീ.സുനിൽ ജോർജ്ജ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
10. ശ്രീ.എ.ആൻസൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
11. ശ്രീ.എ.മുനീർ ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
12. ശ്രീ.അനൂപ്.എൻ.കെ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
13. ശ്രീമതി.രമ്യ.എസ്,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
14. ശ്രീമതി.ശാന്തികൃഷ്ണ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
15. ശ്രീ. സുജേഷ് കുമാർ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
16. ശ്രീ.എസ്.അഖിൽ ദേവ്,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
17. ശ്രീമതി.അനു,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
18. ശ്രീ.റോണി.സി.അലക്സാണ്ടർ,സീനിയർ ക്ലാർക്ക്
19. ശ്രീ.എം.സതീഷ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട)
20. ശ്രീ.എൻ.വി.സതീശൻ,റേഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)

ആയതിൽ സർവീസിൽ തുടരുന്ന 18 വനം വകുപ്പ് ഉദ്യോഗസ്ഥരെ പരാമർശം (2) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് പരാമർശം (4) പ്രകാരം ടിയാന്മാരെ സർവീസിൽ പുനഃപ്രവേശിപ്പിക്കുകയുമുണ്ടായി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18 പേർക്ക് KCS(CC&A) റൂൾ 15 പ്രകാരം കുറ്റപത്രം /കുറ്റാരോപണപത്രികയും സർവ്വീസിൽ നിന്നും വിരമിച്ച 2 പേർക്ക് കെ.എസ്.ആർ. ഭാഗം III ചട്ടം 59 (ഡി) പ്രകാരം കാരണം കാണിക്കൽ നോട്ടീസും നൽകി കൊണ്ട് പരാമർശം (3) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി .

ടിയാന്മാർക്കെതിരെയുള്ള പൊതുവായ ചാർജ്ജുകൾ ചുവടെ ചേർക്കുന്നു.

- ആര്യങ്കാവ് റെയിഞ്ചിലെ കടമാൻപാറ സ്റ്റേഷൻ പരിധിയിലെ തേക്ക് തോട്ടത്തിന്റെ സംരക്ഷണത്തിനായി CCE-295/Orgl/2018-19 അടങ്കൽ പ്രകാരം ദിവസവേതന വാച്ചർമാരെ നിയോഗിച്ചതിൽ ടി തോട്ടത്തിൽ ഒരു ദിവസം പോലും ജോലി നോക്കാത്ത ശ്രീ.വിനീഷ് കൃഷ്ണൻ എന്നയാളുടെ ഹാജർ രേഖപ്പെടുത്തി സർട്ടിഫൈ ചെയ്ത മസ്റ്റർ റോളുകൾ തുക പാസ്സാക്കുന്നതിനായി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചു.
- 04/2018 മുതൽ ആര്യങ്കാവ് റെയിഞ്ചിൽ നിന്നും സമർപ്പിച്ച ദിവസവേതന വാച്ചർമാരുടെ മസ്റ്റർ റോളുകൾ ഫോറസ്റ്റ് കോഡ് വാല്യം II 10.3.2 ൽ അനുശാസിക്കുന്ന മാനദണ്ഡ പ്രകാരമാണോ തയ്യാറാക്കിയത് എന്ന് പരിശോധിക്കാതെ തുക പാസ്സാക്കുന്നതിനായി ഡിവിഷനിൽ സമർപ്പിച്ചു.
- മസ്റ്റർ റോളുകൾ സംബന്ധിച്ച് സൂക്ഷിക്കേണ്ടതായ രേഖകളും രജിസ്റ്ററുകളും റെയിഞ്ച്

ഫോറസ്റ്റ് ഓഫീസിൽ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തി.

- ആര്യങ്കാവ് റെയിഞ്ചിലെ കടമാൻപാറ സ്റ്റേഷൻ പരിധിയിലെ സാന്റൽ പ്രൊട്ടക്ഷൻ ഏരിയ അടക്കമുള്ള മിസ്സെലനിയസ് തോട്ടങ്ങളുടെ സംരക്ഷണത്തിനായി AR1/Est/96/2018-19 അടങ്കൽ പ്രകാരം ദിവസവേതന വാച്ചർമാരെ നിയോഗിച്ചതിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡിന്റെ വെഞ്ചർ എസ്റ്റേറ്റിലെ സ്ഥിരം ടാപ്പിംഗ് തൊഴിലാളിയായ ശ്രീ.ഡി.അനിൽകുമാർ താത്കാലിക വാച്ചർ ആയി ജോലി നോക്കിയതായി കാണിച്ചു ടിയാന്റെ ഹാജർ 01/2019, 02/2019, 03/2019 എന്നീ മാസങ്ങളിൽ ദിവസ വേതന വാച്ചർമാരുടെ മസ്റ്റർ റോളുകളിൽ നിയമവിരുദ്ധമായി രേഖപ്പെടുത്തി തുക നൽകുന്നതിനായി മസ്റ്റർ റോളുകൾ തയ്യാറാക്കി സമർപ്പിച്ചു.
- ആയതുമൂലം ശ്രീ.ഡി.അനിൽകുമാറിനു 34020/- രൂപ അനധികൃതമായി ലഭിക്കുന്നതിനിടയാക്കി. അപ്രകാരം വ്യാജ രേഖ ചമച്ച് നൽകിയതു മൂലം സർക്കാരിന് 34020/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് .
- ആര്യങ്കാവ് റെയിഞ്ചിലെ കടമാൻപാറ സ്റ്റേഷൻ പരിധിയിലെ പൾപ്പ് വുഡ് തോട്ടങ്ങളുടെ സംരക്ഷണത്തിനായി AR2/Est/48/2018-19 അടങ്കൽ പ്രകാരം ദിവസവേതന വാച്ചർമാരെ നിയോഗിച്ചതിൽ 09/2019 മുതൽ 12/2019 വരെയുള്ള 4 മാസം ടി തോട്ടത്തിൽ വാച്ചർ ആയി ജോലി നോക്കാത്ത ശ്രീ.കൃഷ്ണപിള്ള എന്ന കൃഷ്ണന്റെ ഹാജർ ദിവസ വേതന വാച്ചർമാരുടെ മസ്റ്റർ റോളുകളിൽ നിയമവിരുദ്ധമായി രേഖപ്പെടുത്തി സമർപ്പിച്ചു.
- ശ്രീ.കൃഷ്ണപിള്ള എന്ന കൃഷ്ണന്റെ പേരിൽ 09/2019 മുതൽ 12/2019 വരെയുള്ള 4 മാസം വ്യാജ രേഖ ചമച്ച് ഹാജർ രേഖപ്പെടുത്തി നൽകിയതിലൂടെ സർക്കാരിന് 48,480/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

കുറ്റപത്രത്തിന് കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികകളിൽ ടിയാന്മാർ ചുവടെ ചേർക്കുന്ന വാദങ്ങൾ ഉന്നയിക്കുകയുണ്ടായി.

ദിവസവേതന വാച്ചർമാരുടെ NMR സ്റ്റേഷൻ സ്റ്റാഫുകൾ രേഖപ്പെടുത്തി ചാർജ്ജ് ഓഫീസർ സമർപ്പിക്കുന്നത് റെയിഞ്ച് ഓഫീസർ പരിശോധന നടത്തി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലേക്ക് സമർപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ഹാജർ രേഖപ്പെടുത്തിയിട്ടുള്ള അപാകതയ്ക്ക് ചാർജ്ജ് ഓഫീസർ മാത്രമാണ് ഉത്തരവാദിയെന്നും റെയിഞ്ചിൽ NMR രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടത് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ഉത്തരവാദിത്വമാണെന്നും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ആയതിന് മേൽനോട്ടം വഹിക്കേണ്ട ചുമതല മാത്രമാണ് ഉള്ളതെന്നും ശ്രീ.വിനീഷ് കൃഷ്ണന്റെ പേരിൽ NMR മാസങ്ങളോളം എഴുതി സമർപ്പിച്ചത് ടിയാന്റെ അറിവോടെയല്ലെന്നും ആയതിന്റെ ഉത്തരവാദികൾ അറ്റൻഡൻസ് രേഖപ്പെടുത്തി സമർപ്പിക്കുന്ന സ്റ്റേഷൻ സ്റ്റാഫുകൾ മാത്രമാണെന്നുമാണ് ശ്രീ. ജിയാസ് ജമാലുദ്ദീൻ ലബ്ബയുടെ വാദം .

തിരിച്ചറിയൽ രേഖകളോ, ബാങ്ക് അക്കൗണ്ടോ ഇല്ലാതിരുന്ന ശ്രീ. പ്രഭാകരന് ശമ്പളം നൽകുന്നതിനായി മറ്റൊരാളുടെ പേരിൽ NMR എഴുതി വേതനം ശ്രീ. പ്രഭാകരന് നൽകി ആയതിന്റെ കൈപ്പറ്റ് വാങ്ങി സൂക്ഷിച്ചിരുന്നു എന്നും ശമ്പളം നൽകുന്നതിന് മറ്റ്

പോംവഴികൾ ഇല്ലാത്തതിനാലാണ് ഇത്തരത്തിലുള്ള പോംവഴികൾ ചെയ്യേണ്ടി വന്നത് എന്നും ശ്രീ. സുജേഷ് കുമാർ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ, അഖിൽ ദേവ് എസ്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ ,ശ്രീ.എം.സതീഷ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവർ അഭിപ്രായപ്പെടുകയുണ്ടായി. 2019-ലാണ് സേവനത്തിൽ പ്രവേശിച്ചതെന്നും മതിയായ പരിശീലനം ലഭിച്ചിരുന്നില്ലെന്നും വകുപ്പിലെ നടപടികൾ മറ്റ് മേലുദ്യോഗസ്ഥരിൽ നിന്നും പഠിച്ച് വരുന്ന സമയത്താണ് ടി നടപടികൾ ഉണ്ടായിട്ടുള്ളതെന്നും ശ്രീമതി രമ്യ. എസ്., ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീമതി ശാന്തി കൃഷ്ണ. ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീമതി അനു.എസ്. ബീറ്റ് ഫോറസ്റ്റ് ഓഫീസറും, ഫീൽഡ് ജീവനക്കാർ മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി നൽകുന്നത് രേഖകളുമായി ഒത്ത് നോക്കി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കൈ ഒപ്പോട് കൂടി സമർപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ഓഫീസ് കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ ടിയാന്റെ ഭാഗത്തു നിന്നും യാതൊരു വിധത്തിലുള്ള വീഴ്ചയും ഉണ്ടായിട്ടില്ലെന്നും ശ്രീ. റോണി. സി. അലക്സാണ്ടർ, സീനിയർ ക്ലാർക്കും പ്രതിവാദപത്രികയിൽ വാദിച്ചിട്ടുണ്ട്.

ശ്രീ. ജിയാസ് ജമാലുദ്ദീൻ ലബ്ബയുടെ റെയിഞ്ച് പരിധിയിൽ NMR-ൽ പറയുന്ന വാച്ചർ ജോലി ചെയ്തിട്ടുണ്ടോ എന്നും , റെയിഞ്ച് ഓഫീസിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ട രജിസ്റ്റർ ടി ഓഫീസിൽ എഴുതി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം റെയിഞ്ച് മേലധികാരി എന്ന നിലയിൽ ടിയാനിൽ നിക്ഷിപ്തമാണ് . ആയതിനാൽ ശ്രീ. ജിയാസ് ജമാലുദ്ദീൻ ലബ്ബയുടെ വാദങ്ങൾ പൂർണമായും അംഗീകരിക്കാൻ കഴിയുകയില്ലെങ്കിലും ചന്ദന സംരക്ഷണ മേഖലകളിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതു കൊണ്ടും മറ്റ് സംരക്ഷണ ജോലികളിലും, ഓഫീസ് ജോലികളിലും ഏറി വന്ന ജോലി ഭാരം കണക്കിലെടുത്തും ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണ്. തിരിച്ചറിയൽ രേഖകളോ, ബാങ്ക് അക്കൗണ്ടോ ഇല്ലാതിരുന്ന ശ്രീ. പ്രഭാകരന് ശമ്പളം നൽകുന്നതിനായി മറ്റൊരാളുടെ പേരിൽ NMR എഴുതി വേതനം ശ്രീ. പ്രഭാകരന് നൽകി ആയതിന്റെ കൈപ്പറ്റ് വാങ്ങി സൂക്ഷിച്ചിരുന്നു എന്ന വാദവും ശമ്പളം നൽകുന്നതിന് മറ്റ് പോംവഴികൾ ഇല്ലാത്തതിനാലാണ് ഇത്തരത്തിൽ പോംവഴികൾ ചെയ്യേണ്ടി വന്നത് എന്ന വാദവും പൂർണ്ണമായും അംഗീകരിക്കാവുന്നതല്ല. എന്നാൽ ശ്രീ. പ്രഭാകരൻ മലമ്പണ്ടാരം വിഭാഗത്തിൽപ്പെട്ട ആളും 1985 മുതൽ ആനക്കത്തി വളവിനടുത്ത് റിസർവ്വ് വനത്തിനടുത്ത് പാറയിടുക്കിൽ താമസിച്ച് വനവിഭവങ്ങൾ ശേഖരിച്ച് വരുന്ന ആളാണെന്നും ടിയാന് ബാങ്ക് അക്കൗണ്ടോ മറ്റ് രേഖകളോ ഇല്ലാത്ത സാഹചര്യത്തിലാണ് ശ്രീ. വിനീഷ് കൃഷ്ണൻ എന്നയാളുടെ പേരിൽ ശമ്പളം എഴുതി നൽകിയിട്ടുള്ളതെന്നും ആദിവാസി വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് ജോലി നൽകുക എന്ന സദുദ്ദേശത്തോട് കൂടി ചെയ്ത പ്രവൃത്തിയായതിനാലും ടിയാന് ശമ്പളം നൽകാൻ മറ്റ് മാർഗ്ഗങ്ങൾ ഇല്ലാതെ വന്ന സാഹചര്യത്തിലുമാണ് ഇത്തരം പ്രവൃത്തികൾ ചെയ്തത് എന്ന കാര്യം കൂടി കണക്കിലെടുത്ത് ശ്രീ. സുജേഷ് കുമാർ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ, അഖിൽ ദേവ് എസ്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീ.എം.സതീഷ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവരുടെ വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നും കൂടാതെ ശ്രീമതി രമ്യ. എസ്., ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീമതി ശാന്തി കൃഷ്ണ. ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീമതി അനു.എസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ തുച്ഛമായ സേവന ദൈർഘ്യം കണക്കിലെടുത്തും ഓഫീസ്

കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ ശ്രീ. റോണി. സി. അലക്സാണ്ടർ, സീനിയർ ക്ലാർക്കിന്റെ ഭാഗത്തു നിന്നും യാതൊരു വിധത്തിലുള്ള വീഴ്ചയും ഉണ്ടായിട്ടില്ലെന്നും കുറ്റാരോപിതരുടെ വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പരാമർശം (5) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സ്വാഭാവിക നീതി ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി കുറ്റാരോപിതരെ 17/05/2024-ൽ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിങ് വേളയിൽ പ്രതിവാദപത്രികയിൽ സമർപ്പിച്ചിട്ടുള്ള വാദഗതികളിൽ ഉറച്ച് നിൽക്കുന്നതായും മനഃപൂർവ്വമായ യാതൊരു വീഴ്ചയും തങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ പ്രതിവാദപത്രികയിലെ വാദഗതികളെ മുഖവിലയ്ക്കെടുത്ത് തങ്ങളെ കുറ്റവിമുക്തരാക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

കുറ്റാരോപിതരുടെ പ്രതിവാദ പത്രികയിലെയും നേരിൽ കേട്ടപ്പോൾ ഉന്നയിച്ച വാദങ്ങളുടെയും, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും മറ്റു വസ്തുതകളും സർക്കാർ വിശദമായി പരിശോധിച്ചു. അക്കൗണ്ട് ഇല്ലാത്ത ഒരാൾക്ക് കൃത്യസമയത്ത് ശമ്പളം നൽകുന്നതിനു വേണ്ടി ചെയ്ത പ്രവൃത്തി ആയതിനാലും വനത്തെ ആശ്രയിച്ച് വനത്തിനുള്ളിൽ ജീവിച്ചിരുന്ന ആളെ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച എന്ന കാരണത്തിനാലും ടിയാന് ശമ്പളം കിട്ടിയിട്ടില്ല എന്ന പരാതി ലഭിച്ചിട്ടില്ലാത്തതിനാലും വനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി സമൂഹത്തിൽപ്പെട്ട വാച്ചർക്ക് കൃത്യമായി വേതനം നൽകുന്നതിന് വേണ്ടി സദുദ്ദേശത്തോട് കൂടി ചെയ്ത പ്രവൃത്തി ആയതിനാലും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും മുഖവിലക്കെടുത്തു ശ്രീ.ജിയാസ് ജമാലുദ്ദീൻ ലബ്ബ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. സുജേഷ് കുമാർ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ ,ശ്രീ.അഖിൽ ദേവ് എസ്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ,. ശ്രീമതി രമ്യ. എസ്., ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീമതി ശാന്തി കൃഷ്ണ. ബീറ്റ് ഫോറസ്റ്റ് ഓഫീസർ,.ശ്രീമതി അനു.എസ്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീ.റോണി.സി.അലക്സാണ്ടർ,സീനിയർ ക്ലാർക്ക്, ശ്രീ.എം.സതീഷ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാളുകളെ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. മറ്റ് കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദങ്ങളും നേരിൽ കേട്ടപ്പോൾ ഉന്നയിച്ച വാദഗതികളും മറ്റ് രേഖകളും പരിശോധിച്ചതിൽ ടിയാന്മാരെ കുറ്റവിമുക്തരാക്കുന്നതിന് പര്യാപ്തമായ രേഖകൾ ഹാജരാക്കുന്നതിനോ വസ്തുതകൾ ബോധ്യപ്പെടുത്തുന്നതിനോ കഴിയാത്ത സാഹചര്യത്തിൽ ടിയാന്മാർക്കെതിരെ KCS (CC&A) ചട്ടം 15 പ്രകാരവും, KSR പാർട്ട് III റൂൾ 3 പ്രകാരവും തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാജൻ.എ
അഡിഷണൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ജിയാസ് ജമാലുദ്ദീൻ ലബ്ബ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
ശ്രീ. സുജേഷ് കുമാർ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
ശ്രീ.അഖിൽ ദേവ് എസ്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ
ശ്രീമതി രമ്യ. എസ്., ബീറ്റ് ഫോറസ്റ്റ് ഓഫീസർ
ശ്രീമതി ശാന്തി കൃഷ്ണ. ബീറ്റ് ഫോറസ്റ്റ് ഓഫീസർ
ശ്രീമതി അനു.എസ്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ
ശ്രീ.റോണി.സി.അലക്സാണ്ടർ,സീനിയർ ക്ലാർക്ക്
ശ്രീ.എം.സതീഷ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Asha S
Date: 31-05-2024 17:23:54